പെട്രോൾ - 31.8%+1.00 രൂപ/ലിറ്റർ AST

ഡീസൽ - 24.52%+1.00 രൂപ/ലിറ്റർ AST

(ഡി) 2010 ഡിസംബറിൽ ക്രൂഡോയിലിന്റെ വില

- 91.80/US Dollar/Barrel

പെട്രോൾ - Rs. 59.02/ലിറ്റർ

ഡീസൽ - Rs. 41.39/ലിറ്റർ

2016 ഫെബ്രുവരിയിൽ ക്രൂഡ് ഓയിലിന്റെ വില

- 32.45/US Dollar/Barrel

പെട്രോൾ - Rs. 61.30/ലിറ്റർ

ഡീസൽ - 46.68/ലിറ്റർ.

ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ്

98 (1838) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്.

പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.

2. മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.

4. ഫയൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.

5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേൽ ഉദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.

6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.

7. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.

8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റിംഗ് തുടങ്ങിയ ഇനത്തിൽ ചെലവ് കുറയ്ക്കുക.

9. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.

10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

11. ശ്രുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ്വെയർ സപ്പോർട്ട് നൽകുന്നത് എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇ-ഫയൽ സംവിധാനം തുടങ്ങിയപ്പോൾ ധനവകുപ്പിലെ പ്രധാനപ്പെട്ട ഫയലുകളെല്ലാം കെൽട്രോൺ മുഖാന്തരം ഡിജിറ്റൈസ് ചെയ്യുകയും തുടർന്നുവരുന്ന ഫിസിക്കൽ ഫയലുകൾ, തപാലുകൾ, പരാതികൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനായി സി.ആർ.യു. (സെൻട്രൽ രജിസ്ട്രറി യൂണിറ്റ്), ഡി.യു. (ഡയറൈസിംഗ് യൂണിറ്റ്) എന്നീ സെക്ഷനുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും നൽകുകയുണ്ടായി. ടി സെക്ഷനുകളിൽ ഹൈസ്പീഡ് സ്കാനറുകളും കമ്പ്യൂട്ടറുകളും സ്ഥാപിച്ചതിന് പുറമെ ധനവകുപ്പിലെ എല്ലാ സെക്ഷനുകളിലെയും കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുകയും, സെക്ഷനുകളിൽ സ്കാനറുകൾ തുടങ്ങി ആവശ്യമായ ഉപകരണങ്ങൾ നൽകുകയുമുണ്ടായി. ധന വകുപ്പിലെ ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇ-ഓഫീസിൽ പ്രത്യേകം പരിശീലനം നൽകുകയും ചെയ്തു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ സിഗ്നെച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന അനുവദിച്ചുനൽകുന്നു. സോഫ്റ്റ്വെയർ വികസിപ്പിച്ച എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) ആണ് പദ്ധതിക്കുവേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly